(ഡി) സർക്കാർ ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(ഇ) വാങ്ങിയ ആംബുലൻസുകളിൽ 25 എണ്ണം തിരുവനന്തപുരം ജില്ല യിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനക്ഷമമാണ്. ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

ബാക്കിയുള്ള 25 ആംബുലൻസുകൾ ജില്ലാ ആശുപത്രികൾ, പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികൾ എന്നിവയുമായി ബന്ധപ്പെടുത്തി ഹൈവേകളിൽ ,വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിലെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ്

17 (596) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ആദിവാസി മേഖലയിൽ ആദിവാസിവി ഭാഗങ്ങൾക്ക് പെട്ടെന്ന് ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുവാനായി ഒരു സഞ്ച രിക്കുന്ന മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ദേശീയ ആരോഗ്യ ഗ്രാമീണ പദ്ധതിയിൽപ്പെടുത്തി ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ഫോർവീൽ ഡ്രൈവിംഗ് ജീപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതാണ്.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

18 (598) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയി ട്ടുണ്ട് എന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ?

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly